പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1192

20.01..2014 -ൽ
മറുപടിയ്ക്ക്

സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി

*ചോദ്യം*

ശ്രീ. ആർ. സെൽവരാജ്
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. ജോസഫ് വാഴക്കൻ

*ഉത്തരം*

ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാല ആക്റ്റിന്റെ കരട് തയ്യാറാക്കിവരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ ഒരു പരിധിവരെ സാധിയ്ക്കും. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാനവും നൂതനവുമായ പരിവർത്തനത്തിലൂടെ സാങ്കേതിക വിദ്യാഭ്യാസത്തിൽ പുത്തനുണർവ് ഉണ്ടാക്കിയെടുക്കുന്നതിനും, എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവിലുള്ള അഫിലിയേഷൻ സമ്പ്രദായത്തിലെ പാകപ്പിഴകൾ പരിഹരിക്കുന്നതിനും ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ സാധിയ്ക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ; | | |

വിദ്യാർത്ഥികൾക്ക് പരിശീലനവും വിദ്യാഭ്യാസവും നൽകുന്ന അദ്ധ്യാപകരുടെ യോഗ്യതയും മറ്റും ഉറപ്പുവരുത്തുന്നതിനും, ക്ലാസുകൾ, ലാബുകൾ, വർക്ക്ഷോപ്പുകൾ എന്നിവ ഫലപ്രദമായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാനും, കോളേജുകളിൽ എ.ഐ.സി.റ്റി.ഇ നിഷ്ക്കർഷിക്കുന്ന പ്രകാരമുള്ള അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാനും സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ കഴിയും.

| | | |
|---|---|---|
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടി ടോക്കൺ പ്രൊവിഷനായി 2013-14 പ്ലാൻ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തയിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാല ആക്ടിന്റെ കരട് അവസാന ഘട്ടത്തിലാണ്. |

Rcefb

സെക്ഷൻ ഓഫീസർ